തുടങ്ങിയ സാമൂഹിക പ്രശ്നങ്ങൾ ഉയർന്നുവരുമ്പോൾ അതിനെ ഫലപ്രദമായി നിയന്ത്രിക്കാൻ കഴിയണമെങ്കിൽ പഞ്ചായത്തുകൾക്ക് ബിൽഡിംഗ് റൂൾസ് ആവശ്യമാണ്. നിലവിലുള്ള നിയമം നടപ്പാക്കുന്നതിനുവേണ്ടി കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ് ഇന്ന് നിലവിലില്ലെങ്കിൽ, അത് നിലവിൽ വരുത്തുവാനും അടിയന്തിരമായി പ്രാബല്യത്തിൽ വരുത്താനുമുള്ള നടപടികൾ സ്വീകരിക്കണം.

തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): സർ, ശ്രീ. മത്തായി ചാക്കോ ചൂണ്ടിക്കാണിച്ചത് ശരിയാണ്. കേരള കെട്ടിട നിർമ്മാണ ചട്ടങ്ങൾ എല്ലാ പഞ്ചായത്തുകളിലും നടപ്പിലാക്കാൻ ഗവണ്മെന്റ് തത്വത്തിൽ അംഗീകരിച്ചെങ്കിലും അതിന്റെ ചട്ടങ്ങൾ പൂർത്തിയായിട്ടില്ല. കേരള പഞ്ചായത്ത് രാജ് ആക്ട് 235 മുതലുള്ള വകുപ്പുകൾ പ്രകാരം ഈ അധികാരങ്ങൾ ഉപയോഗിച്ച് പഞ്ചായത്തു കെട്ടിട നിർമ്മാണ ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതിനുള്ള ജോലി അന്തിമഘട്ടത്തിലാണ്. അതിന്റെ ഗൗരവം ഗവണ്മെന്റിന് പൂർണ്ണമായി അറിയാം. വളരെ വൈകാതെ തന്നെ അതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കും. അതുവരെ മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ നടപ്പിൽ വരുത്താൻ ആഗ്രഹിക്കുന്ന പഞ്ചായത്തുകൾക്ക് അത് നടപ്പിലാക്കാൻ ബന്ധപ്പെട്ട പഞ്ചായത്തുകൾക്ക് സ്വയം തീരുമാനിക്കാവുന്നതാണ്. അത് വേറെ കാര്യം. ആ റൂൾസ് ഉണ്ടാക്കുന്ന ജോലി അന്തിമ ഘട്ടത്തിലാണ്. ഇതിന്റെ ഗൗരവം കണക്കിലെടുത്ത് വളരെ വേഗത്തിൽ തന്നെ അതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(4) പെരിന്തൽമണ്ണ ശുദ്ധജലവിതരണ പദ്ധതി

ശ്രീ. നാലകത്ത് സൂപ്പി: സർ, പെരിന്തൽമണ്ണ Urban Water Supply Scheme, കഴിഞ്ഞ 10 കൊല്ലമായി ഇഴഞ്ഞുനീങ്ങുകയാണ്. 1995-ൽ ബഹുമാനപ്പെട്ട ശ്രീ. ടി. എം. ജേക്കബും, ഞാനും കൂടെ ഉദ്ഘാടനം ചെയ്തതാണ്. അതിനടിയന്തിരമായി സ്റ്റോറേജ് വിയർ കെട്ടാനുള്ള 247 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. അതുപോലെ കട്ടുപ്പാറ പമ്പ് ഹൗസിലേക്കും ചെറുകിട ശുദ്ധീകരണശാലയിലേക്കുമുള്ള വൈദ്യുതി കണക്ഷൻ കിട്ടിയിട്ടില്ല. ചെറുകിട ശുദ്ധീകരണശാലയിലേക്കും കട്ടുപ്പാറ പമ്പ് ഹൗസിലേക്കുമുള്ള വൈദ്യുതി കണക്ഷൻ പദ്ധതിയുടെ വിതരണ ശൃംഖലയ്ക്ക് എ.സി. പൈപ്പുകളും, പി.വി.സി. പൈപ്പുകളും ലഭ്യമാക്കി നിയമസഭാംഗമെന്ന നിലയിൽ ഞാൻ 25 വർഷം പൂർത്തിയാക്കുന്ന ഈ വർഷത്തിലെങ്കിലും ഈ പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ തീരുമാനം ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്ന് ഉണ്ടാകണം. എന്റെ നിയമസഭാ ജുബിലിയോടനുബന്ധിച്ച് അത് തീർപ്പാക്കാനുള്ള ഏർപ്പാട് ഉണ്ടാകണം.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : പ്രത്യേക പരിഗണന കൊടുക്കണം.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, അങ്ങയുടെ അവസാനത്തെ വാക്കുകൾ ഞാൻ ആദ്യത്തെ ഇനമായി എടുക്കുകയാണ്. ഈ പദ്ധതിക്ക് എന്തു തടസ്സങ്ങൾ വന്നാലും ശരി അങ്ങയുടെ നിയമസഭാ ജൂബിലി വർഷത്തിൽ, 25 വർഷം തികയുന്ന ഈ വർഷത്തിൽത്തന്നെ അത് ഉദ്ഘാടനം ചെയ്യുന്നതിനുള്ള നടപടികൾ നടത്തുന്നതാണ്. പദ്ധതി ഘടകങ്ങളായ കിണർ, ശുദ്ധീകരണശാല, Raw water pumping line and Clear water pumping line, 17 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള പാതായിക്കര ഉന്നതതല സംഭരണി, 16.06 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള കുളിർമല ഭൂതല സംഭരണി എന്നിവയുടെ പണികൾ പൂർത്തിയായിട്ടുണ്ട്. പദ്ധതിയുടെ മറ്റ് ഘടകങ്ങളായ electricity component, അദ്ദേഹം ഇവിടെ ഇലക്ട്രിസിറ്റിയുടെ ബുദ്ധിമുട്ടിനെക്കുറിച്ച് പറഞ്ഞു. വാട്ടർ അതോറിറ്റിയിൽനിന്ന് അതിന്റെ തുക മുഴുവൻ കെ.എസ്.ഇ.ബി.-യിൽ അടച്ചിട്ടുണ്ട്. ഇനി അതിന്റെ ഒരു കണക്ഷൻ കിട്ടേണ്ട കാര്യം മാത്രമെയുള്ളു. അതിന്റെ നടപടികൾ ഉടനെ എടുക്കുന്നതാണ്. പദ്ധതിയുടെ മറ്റൊരു ഘടകമായ ഗ്രാറ്റുവിറ്റി മെയിനിന്റെ തകരാറുമൂലം പ്രവൃത്തികൾക്ക് കാലതാമസം നേരിട്ടിട്ടുണ്ട്. പ്രസ്തുത പൈപ്പുകൾ മാറ്റിത്തരാൻ കമ്പനിയോടാവശ്യപ്പെട്ടിട്ടുണ്ട്. കമ്പനി അത് മാറ്റിത്തരാമെന്ന് സമ്മതിച്ചിട്ടുണ്ട്. പദ്ധതിയുടെ വിതരണ ശൃംഖലയക്ക് 3 സോണുകളുണ്ട്. സോൺ ഒന്നിലേക്കാവശ്യമായ എ.സി. പൈപ്പുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ ധൃതഗതിയിൽ നടന്നുവരികയാണ്. ഈ മാസാവസാനത്തോടെ അതിന്റെ പണി പൂർത്തിയാകും. പി. വി. സി. പൈപ്പുകളുടെ പ്രവൃത്തി നഗരസഭയുടെ ഡിസ്ട്രിബ്യൂഷൻ പ്രവൃത്തിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചിട്ടുണ്ട്. സോൺ രണ്ടിലേക്കാവശ്യമായ 5029 മീറ്റർ പ്രവൃത്തി ഈ മാസാവസാനത്തോടെ പൂർത്തീകരിക്കുന്നതാണ്. ബാക്കിയുള്ള എ. സി. പൈപ്പുകളുടെ പ്രവൃത്തിക്ക് ടെന്റർ വിളിച്ചിട്ടുണ്ട്. സോൺ മൂന്നിലേക്കാവശ്യമായ 6500 മീറ്റർ എ. സി. പൈപ്പും 9827 മീറ്റർ പി. വി. സി. പൈപ്പുകളിൽ 1830 മീറ്ററും സ്ഥാപിച്ചിട്ടുണ്ട്. ബാക്കിയുള്ളവയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. പക്ഷെ ഇങ്ങനെ വന്നാൽ പോലും ഭാഗികമായി കമ്മീഷൻ ചെയ്യാൻ കഴിയും എന്നാണ് ഗവണ്മെന്റിന്റെ വിശ്വാസം. പദ്ധതിക്കാവശ്യമായ മറ്റൊരു ഘടകമായ വിയറിന് 247 ലക്ഷം രൂപയുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് വിയറിന്റെ പ്രവർത്തനത്തിലേക്ക് കടക്കുന്നതാണ്. ഈ വർഷം ഇതിനുവേണ്ടി ബഡ്ജറ്റിൽ 125 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ഇതുവരെ 783.57 ലക്ഷം രൂപ ഇതിനു വേണ്ടി ചെലവായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly